**മഹാത്മാഗാന്ധി സർവ്വകലാശാല**

(സംഗ്രഹം)

വിഷയം : റൂസ പദ്ധതി- സർവ്വകലാശാലാ ക്യാമ്പസിൽ 400 കിലോ വാട്ട് ശേഷിയുള്ള റൂഫ് ടോപ്പ് സൗരോർജ്ജ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് പ്രൊജക്റ്റ് കൺസൽടൻറ് ആയ സംസ്ഥാനസർക്കാർ അക്രഡിറ്റഡ് ഏജൻസി, M/s WAPCOS Ltd (A Govt. of India undertaking Under the Ministry of Water Recourses, River Developments and Ganga Rejuvenation) ന് മൂന്നാം ഗഡുവായി 20 ലക്ഷം രൂപ നൽകുന്നത് – അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണവും വികസനവും III – സെക്ഷൻ**

നം.7590/പ 1 & ഡി-3/2/2018/ഭരണവിഭാഗം തീയതി: 25.10.2018

---

പരാമർശം:

1. യു.ഓ നം.6999 പി & ഡി 3/2/2017/ ഭരണവിഭാഗം, തീയതി 25.11.17
2. M/s WAPCOS Ltd–ൽ നിന്നുമുള്ള കത്ത് നം WAP/INFRA/KOCHI/VC/MGU/01 തീയതി 21.03.18
3. ഇൻവോയ്സ് നം WAP/KER/18/121 തീയതി 25.04.18
4. യു.ഓ നം.2643 പി & ഡി 3/2/2018/ ഭരണവിഭാഗം, തീയതി 25.04.18
5. M/s WAPCOS Ltd സമർപ്പിച്ച ഇൻവോയ്സ് നം WAP/KER/18/467 തീയതി 24.10.18

## ഉത്തരവ്

പരാമർശം (1) പ്രകാരം റൂസ പദ്ധതിയിലുൾപ്പെടുത്തി സർവകലാശാല ക്യാംപസിൽ 400Kwp ശേഷിയുള്ള റൂഫ് ടോപ്പ് സൗരോർജ്ജ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് സംസ്ഥാനസർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ M/s WAPCOS Ltd എന്ന സ്ഥാപനം സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്നതിനും M/s WAPCOS Ltd സ്ഥാപനവുമായി കരാറിലേർപ്പെടുന്നതിന് അംഗീകാരം നൽകുന്നതിനും പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ ആകെ പ്രോജക്ട് ചെലവിന്റെ (₹3,34,45,367/- രൂപ ( മൂന്നു കോടി മുപ്പത്തിനാല് ലക്ഷത്തി നാൽപ്പത്തയ്യായിരത്തി മുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം)), 80% തുകയായ ₹2,67,56,293/- രൂപ (രണ്ടു കോടി അറുപത്തി ഏഴു ലക്ഷത്തി അൻപത്തി ആറായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം ) മുൻകൂർ നൽകുന്നതിനും അടുത്ത 10% തുകയായ ₹33,44,537/-(മുപ്പത്തി മൂന്നു ലക്ഷത്തി നാല്പത്തി നാലായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴു രൂപ മാത്രം ), മുൻകൂറായി നൽകിയ 80% തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്കും ബാക്കിയുള്ള 10% , ₹33,44,537/-(മുപ്പത്തി മൂന്നു ലക്ഷത്തി നാല്പത്തി നാലായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴു രൂപ മാത്രം) പദ്ധതി പൂർത്തീകരിച്ച് കൈമാറുന്ന മുറയ്ക്ക് നൽകുന്നതിനും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് മുൻകൂർ തുകയായി ആകെ പദ്ധതിച്ചെലവിന്റെ 80% തുകയായ ₹ 2,67,56,293/- രൂപ (രണ്ടു കോടി അറുപത്തി ഏഴു ലക്ഷത്തി അൻപത്തി ആറായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം ) M/s. വാപ്കോസ് ലിമിറ്റഡിന് കരാർപ്രകാരം നൽകിയിരുന്നു.

സൂചന (4) പ്രകാരം , സർവ്വകലാശാലാ ക്യാമ്പസിൽ 400 kwp ശേഷിയുള്ള റൂഫ് ടോപ്പ് സൗരോർജ്ജ വൈദ്യുത നിലയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കരാർ പ്രകാരം M/s. വാപ്കോസ് ലിമിറ്റഡിന് നൽകേണ്ട രണ്ടാം ഘട്ട തുകയായ ₹ 33,44,537/-(മുപ്പത്തി മൂന്നു ലക്ഷത്തി നാല്പത്തി നാലായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴു രൂപ മാത്രം ) അനുവദിച്ചു നൽകിയിരുന്നു.

സർവകലാശാലയിൽ 400 kwp സൗരോർജ്ജ വൈദ്യുത നിലയം സ്ഥാപിക്കുന്ന മുഴുവൻ പ്രവൃത്തികളും പൂർത്തിയായതായും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് , കെ എസ് ഇ ബി എന്നിവരുടെ പരിശോധനകൾ പൂർത്തിയായതായും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ചെലവിൽ ബാക്കി നൽകേണ്ട തുകയായ ₹ 33,44,537/- ( മുപ്പത്തി മൂന്ന് ലക്ഷത്തി നാല്പത്തി നാലായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴു രൂപ മാത്രം ) രൂപയിൽ നിന്നും ₹ 20,00,000/- (ഇരുപതു

ലക്ഷം രൂപ മാത്രം ) കൂടി അനുവദിക്കണമെന്ന് M/s. WAPCOSപരാമർശം (5)പ്രകാരം അപേക്ഷിച്ചിരുന്നു .

സൗരോർജ്ജ വൈദ്യുത നിലയവുമായി ബന്ധപ്പെട്ട ഇൻസ്റ്റലേഷൻ പ്രവൃത്തികൾ പൂർത്തിയായതായും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് , കെ എസ് ഇ ബി എന്നിവരുടെ പരിശോധനകൾ തൃപ്തികരമായി പൂർത്തിയാക്കിയതായും കെ എസ് ഇ ബി യിൽ നിന്നുള്ള ഗ്രിഡ് കണക്ഷൻ ലഭിക്കുക മാത്രമേ ബാക്കിയുള്ളൂ എന്നും സർവകലാശാല എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തു .

M/s. WAPCOS സമർപ്പിച്ച ഇൻവോയിസും ആദ്യ ഗഡുക്കളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും സർവകലാശാല ഫിനാൻസ് വിഭാഗം പരിശോധിച്ച് M/s. WAPCOSന് 20 ലക്ഷം രൂപ മൂന്നാം ഗഡുവായി അനുവദിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു . പ്രസ്തുത ശുപാർശ ബഹു .വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സർ, 1985-ലെ മഹാത്മാഗാന്ധി സർവകലാശാലാ ആക്റ്റിലെ അദ്ധ്യായം III.10(17) വകുപ്പുപ്രകാരം, അംഗീകരിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, സർവ്വകലാശാലാ ക്യാമ്പസിൽ 400 kwp ശേഷിയുള്ള റൂഫ് ടോപ്പ് സൗരോർജ്ജ വൈദ്യുത നിലയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് M/s. WAPCOS ലിമിറ്റഡിന് മൂന്നാം ഘട്ടമായി ₹20,00,000/- (ഇരുപതു ലക്ഷം രൂപ മാത്രം ) രൂപ നൽകുന്നത് അനുവദിച്ച് ഉത്തരവാകുന്നു . പ്രസ്തുത തുക Indian Overseas Bank NHG Gurgaon ബ്രാഞ്ചിലെ 193502000000028 എന്ന അക്കൗണ്ടിലേക്ക് പി എഫ് എം എസ് പേയ്മെന്റ് അഡ്വൈസ് മുഖേന ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ് . ഇതിനായുള്ള ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ റൂസ പദ്ധതികൾക്കായുള്ള'23 730 94 - RUSA Projects' എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

ഒപ്പ്
തുളസീലാൽ ആർ.എൻ
ഡെപ്യൂട്ടി രജിസ്ട്രാർ (പി &ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി / പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. ജോയിന്റ് രജിസ്ട്രാർ- 1 (ഭരണ വിഭാഗം )
4. സർവ്വകലാശാല എൻജിനീയർ
5. ഫിനാൻസ് I , IV /ഓഡിറ്റ് I , V , IQAC
6. എ സി സി സെക്ഷൻ /എ ഡി ഡി സെക്ഷൻ
7. ജോയിന്റ് ഡയറക്ടർ , കെ എസ് എ ഡി / അക്കൗണ്ട്സ് V
8. M/s WAPCOS Ltd
9. റെക്കോർഡ്സ് സെക്ഷൻ / ജനറൽ ക്യാഷ്
10. സി . എം . എസ്
11. എസ് .എഫ്/ എഫ്. സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ഫയൽ നം: പി & ഡി- 3/2/9339/2015/ഭരണവിഭാഗം**